(ബി) ഓരോ ട്രെയിനിംഗ് പ്രോഗ്രാമിലും എത്ര ജീവനക്കാർ/ഓഫീസർമാർ പങ്കെടുത്തു;

(സി) ട്രെയിനിംഗ് ലഭിച്ചതിനുശേഷം ഏതെങ്കിലും ജീവനക്കാർ/ഓഫീസർമാർ ഈ സ്ഥാപനത്തിൽനിന്നും സ്വമേധയാ പിരിഞ്ഞുപോയിട്ടുണ്ടോ; എങ്കിൽ എത്രപേർ;

(ഡി) ഇങ്ങനെ പിരിഞ്ഞു പോയവരിൽ നിന്നും കോർപ്പറേഷനുണ്ടായ നഷ്ടം ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക ഈടാക്കി; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)15 ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. രണ്ടുപേർ പിരിഞ്ഞു പോയിട്ടുണ്ട്.

(ഡി) ഉണ്ട്. മൂന്നുമാസത്തെ ശമ്പളം ഇവരിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

171 (1903) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫീസ് സെക്ഷനിലെ ജീവനക്കാർ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫീസ് സെക്ഷനിൽ എത്ര ജീവനക്കാരുണ്ട്; അതിൽ മെട്രിക്കുലേറ്റുകൾ എത്ര;

(ബി) ഇവർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നു; ഇവർ ആരെല്ലാം;

(സി) ഡിപ്ലോമക്കാർ എത്ര; ഇവർ ഓരോരുത്തരുടെയും തസ്തികയും യോഗ്യതയും എന്തെല്ലാം; ബിരുദധാരികൾ എത്ര; ബിരുദാനന്തര ബിരുദധാരികൾ എത്ര; അവർ ആരൊക്കെയാണ്; ഏതൊക്കെ തസ്തികയിൽ ജോലി ചെയ്യുന്നു എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ ഓഫീസ് സെക്ഷൻ എന്ന പേരിൽ ഒരു പ്രത്യേക വിഭാഗമില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

172 (1904) പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ എസ്റ്റേറ്റുകളിൽ നഷ്ടപ്പെടുന്ന തൈകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ എസ്റ്റേറ്റുകളിൽ റീപ്ലാന്റിംഗ് നടത്തുന്ന ഓരോ ഡിവിഷനിലും 1990 മുതൽ ഏതെല്ലാം വർഷം എത്ര റബ്ബർ തൈ/ഓയിൽ പാം തൈ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? ഇങ്ങനെ തൈകൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ ഗ്യാപ്പ് ഫില്ലിംഗ് നടത്തിയിട്ടുണ്ടോ? ഇതിനുവേണ്ടി കോർപ്പറേഷനുണ്ടായ അധികച്ചെലവ് (ലേബർ ചാർജ്ജടക്കം) എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?, എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly